കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി-എ.ഡി.എസ് 2015-16 – കോതമംഗലം നിയോജക മണ്ഡലം - ആസ്തി വികസന നിധിയിൽ നിന്നും ഭരണാനുമതി നൽകിയ കവളങ്ങാട് ഗ്രാമപഞ്ചായത്തിലെ റെനോവേഷൻ ഓഫ് മണിമരുതുംചാൽ-മേന്തണ്ട്-പേരക്കുത്ത് റോഡ് എന്ന പ്രവൃത്തിയുടെ ചെയിനേജിൽ മാറ്റം വരുത്തൽ - പുതുക്കിയ ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ) നം. 391/2018/തസ്വഭവ      തിരുവനന്തപുരം, തീയതി, 08.02.2018.

---

വായന :- 

1 11/06/2012-ലെ സ. ഉ (അച്ചടി ) 332/12/ധന നമ്പർ ഉത്തരവ്.

2 07/01/16-ലെ സ. ഉ (ആർ.റ്റി )70/2016/തസ്വഭവ നമ്പർ ഉത്തരവ്.

3 തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 15.12.2017 ലെ ഡിബി2-526/2015/സി.ഇ/തസ്വഭവ(1) നമ്പർ കത്ത്.

4 ശ്രീ .ആന്റണി ജോൺ എം.എൽ.എയുടെ 22/09/2017 ലെ കത്ത്.

## ഉത്തരവ്

കോതമംഗലം നിയോജകമണ്ഡലത്തിലെ മുൻ എം.എൽ.എ. ആയിരുന്ന ശ്രീ. ടി.യു.കുരുവിളയുടെ 2015-16 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും മുകളിൽ രണ്ടാമതായി വായിച്ച ഉത്തരവിലെ ക്രമനമ്പർ.4 പ്രകാരം റെനോവേഷൻ ഓഫ് മണിമരുതുംചാൽ - മേന്തണ്ട് - പേരക്കുത്ത് റോഡ്, കവളങ്ങാട് ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തിയ്ക്ക് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഭരണാനുമതിയിൽ മാറ്റം വരുത്തി ടി പ്രവൃത്തിയുടെ പേര് 'മണിമരുതുംചാൽ - മേന്തണ്ട് - പേരക്കുത്ത് റോഡിൽ കോൺക്രീറ്റ് സംരക്ഷണഭിത്തി നിർമ്മാണവും, ചെയിനേജ് 2012.000 മുതൽ 2412.000 വരെയും 2613.000 മുതൽ 2674.5 വരെയും കോൺക്രീറ്റിംഗും - കവളങ്ങാട് ഗ്രാമപഞ്ചായത്ത് - 25 ലക്ഷം രൂപ എന്നാക്കി പുതുക്കിയ ഭരണാനുമതി നൽകണമെന്ന് മുകളിൽ മൂന്നാമതായി വായിച്ച കത്ത് പ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു. നാലാമതായി വായിച്ച കത്ത് പ്രകാരം ശ്രീ. ആന്റണി ജോൺ എം.എൽ.എയും മേൽ പറഞ്ഞ രീതിയിൽ പുതുക്കിയ ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോതമംഗലം നിയോജകമണ്ഡലത്തിലെ മുൻ എം.എൽ.എ. ആയിരുന്ന ശ്രീ.ടി.യു.കുരുവിളയുടെ 2015-16 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും മുകളിൽ രണ്ടാമതായി വായിച്ച ഉത്തരവിലെ

ക്രമനമ്പർ. 4 പ്രകാരം ഭരണാനുമതി, നൽകിയ റെനോവേഷൻ ഓഫ് മണിമരുതുംചാൽ - മേന്തണ്ട് - പേരക്കുത്ത് റോഡ്, കവളങ്ങാട് ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തിയുടെ പേര് 'മണിമരുതുംചാൽ - മേന്തണ്ട് - പേരക്കുത്ത് റോഡിൽ കോൺക്രീറ്റ് സംരക്ഷണഭിത്തി നിർമ്മാണവും, ചെയിനേജ് 2012.000 മുതൽ 2412.000 വരെയും 2613.000 മുതൽ 2674.5 വരെയും കോൺക്രീറ്റിംങ്ങും - കവളങ്ങാട് ഗ്രാമപഞ്ചായത്ത് - 25 ലക്ഷം രൂപ എന്ന് ഭേദഗതി വരുത്തി ടി പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) മുകളിൽ രണ്ടാമതായി വായിച്ച സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ. ആന്റണി ജോൺ എം.എൽ.എ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം.
എക്സിക്യൂട്ടിവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ഗ്രാമപഞ്ചായത്ത്, കവളങ്ങാട് ഗ്രാമപഞ്ചായത്ത്, എറണാകുളം.
ഫിനാൻസ് വകുപ്പ് (അനൗദ്യോഗിക കത്ത് നം. .154501/എൻ.ബി .3/2015/ധന തീയതി 31.01.2018)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ